പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3352 13.03.2017-ലെ മറുപടിക്ക്

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയിൽ നിന്നും വിവിധ വിഭാഗങ്ങളിലായി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുവാൻ ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ളതെന്ന് പട്ടികതിരിച്ച് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും 57 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുവാൻ അനുമതിയുള്ളത്.<br>കെ.എസ്.ആർ.ടി.സി<br>ഓർഡിനറി - 41<br>ഫാസ്റ്റ് പാസഞ്ചർ - 12<br>ആകെ - 53<br>കെ.യു.ആർ.ടി.സി<br>ഓർഡിനറി - 4 |
| (ബി) | ആയത് ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസുകൾ (സ്പെയർ ഉൾപ്പെടെ) എത്രയെന്നും നിലവിലുള്ള ബസുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | 57 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന്<br>ഫാസ്റ്റ് പാസഞ്ചർ - 14,<br>ഓർഡിനറി - 45,<br>ജൻറം ഓർഡിനറി - 4<br>ഉൾപ്പെടെ 63 ബസുകളുടെ ആവശ്യമുണ്ട്.<br>നിലവിൽ ഫാസ്റ്റ് പാസഞ്ചർ - 14,<br>ഓർഡിനറി - 38,<br>ജൻറം ഓർഡിനറി - 4<br>ഉൾപ്പെടെ 56 ബസുകൾ ഉണ്ട്. |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ, ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ കോർത്തിണക്കി ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന തരത്തിൽ ചെയിൻ സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ കാലങ്ങളിൽ നിർത്തലാക്കിയ പ്രാദേശിക സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് പുനരാരംഭിക്കുവാനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി സ്ഥിരമായി സർവ്വീസുകൾ ക്യാൻസൽ ചെയ്തിട്ടില്ല. പൊതുജനങ്ങളുടെ യാത്ര സൗകര്യത്തിനും, കെ.എസ്.ആർ.ടി.സി. യുടെ വരുമാന വർദ്ധനവും ലക്ഷ്യമിട്ട് ചില സർവ്വീസുകൾ കാലോചിതമായി പുനഃക്രമീകരിക്കുകയാണ് ചെയ്തിട്ടുളളത്. ഇത്തരം പുനഃക്രമീകരണം മൂലം പൊതുജനങ്ങൾക്ക് യാത്രാസൗകര്യം വർദ്ധിക്കുകയാണ് ഉണ്ടായത്. എന്നിരുന്നാലും ചില മേഖലകളിൽ യാത്രാക്ലേശം സംജാതകമാകുകയാണെങ്കിൽ അത് പരിഹരിച്ച് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ കുറവ് ഇപ്പോൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഡ്രൈവർ തസ്തികയിൽ 18 പേരുടെയും മെക്കാനിക്ക് തസ്തികയിൽ 3 പേരുടെയും കുറവ് ഉണ്ട്. |

സെക്ഷൻ ഓഫീസർ